**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **23-01-2025 - ൽ മറുപടിയ്ക്ക്**

**പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ പുതുക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. 14/08/2024-ാം തീയതിയിലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 33-0/2021-NDM-I നമ്പർ കത്ത് പ്രകാരം പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം കേന്ദ്രം പുതുക്കിയിട്ടുണ്ട്. |
| (ബി) | പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം നിശ്ചയിച്ചതിന്റെ ഉത്തരവും പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇതിന് മുൻപ് ഇതു സംബന്ധിച്ച് കേരളസർക്കാർ ഉത്തരവിറക്കിയത് എന്നാണ്; | (ബി) | ഉണ്ട്. ഇതിനു മുൻപ് ഇപ്രകാരം സ്ലാബ് തിരിച്ച് ധനസഹായം നിശ്ചയിച്ചത് സ.ഉ(കൈ)നം..24/2018/ഡിഎംഡി തീയതി 26/10/18, സ.ഉ(കൈ)നം..25/2019/ഡിഎംഡി തീയതി 23/8/19 എന്നീ ഉത്തരവുകൾ പ്രകാരമാണ്. |
| (സി) | പ്രകൃതിദുരന്തങ്ങളിൽ തകർന്ന എല്ലാ വീടുകൾക്കും ധനസഹായം നൽകുന്നത് എസ്.ഡി.ആർ.എഫിൽ നിന്നു മാത്രമാണോ; അതോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ഫണ്ട് കൂടി ചേർത്താണോ; | (സി) | 09/01/2025ലെ സ.ഉ(കൈ)നം.1/2025/ഡിഎംഡി ഉത്തരവ് പ്രകാരം 01/04/2022 തീയതി മുതലുള്ള പ്രകൃതിദുരന്തങ്ങളിൽ വീടുകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ഫണ്ട് കൂടി ചേർത്താണ്. |
| (ഡി) | എസ്.ഡി.ആർ.എഫ്. പൂർണമായും കേരളസർക്കാരിന്റെ ഫണ്ടാണോ; പ്രസ്തുത ഫണ്ടിൽ കേന്ദ്രവിഹിതവും ഉണ്ടോ; വിശദമാക്കാമോ; | (ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും അടങ്ങിയതാണ്. |
| (ഇ) | പുതുക്കിയ ഉത്തരവിൽ എസ്.ഡി.ആർ.എഫും സി.എം.ഡി.ആർ.എഫും ചേർത്ത് തകർന്ന വീടുകൾക്കുള്ള ആകെ ധനസഹായം സംബന്ധിച്ച സ്ലാബുകളിൽ എപ്പോഴെങ്കിലും വർദ്ധന വരുത്തിയിട്ടുണ്ടോ; എസ്.ഡി.ആർ.എഫ് സഹായം കൂട്ടിയപ്പോൾ സി.എം.ഡി.ആർ.എഫ് സഹായം കുറച്ചിരുന്നോ? | (ഇ) | പുതുക്കിയ ഉത്തരവ് പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ആകെ തുകയിൽ മാറ്റം വന്നിട്ടില്ല.<br><br>പുതുക്കിയ കേന്ദ്ര മാനദണ്ഡം അനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള വിഹിതത്തിൽ വന്ന മാറ്റത്തിന് ആനുപാതികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള തുകയ്ക്കും മാറ്റം വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ